**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4782** **13-03-2023 - ൽ മറുപടിയ്ക്ക്**

**കാരോട് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ കാരോട് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്ക് 86 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബി വഴി 89.189 കോടി രൂപയുടെ ഫണ്ടിംഗ് അനുമതിയും നൽകിയിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കേണ്ട വിവിധ ഘടകങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. പൊൻവിളയിൽ 16.എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല.<br>2. മാവിളക്കടവിൽ 9.0 മീ. വ്യാസമുള്ള കിണറും പമ്പ് ഹൗസും.<br>3. പൊൻവിള, ചെങ്കൽ, കുളത്തൂർ, കാരോട് എന്നിവിടങ്ങളിൽ 30, 17, 15, 10 ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികൾ.<br>4. റാ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈനുകൾ.<br>5. പൊൻവിളയിൽ ജലശുദ്ധീകരണ ശാലയ്ക്കടുത്തായി സബ്സ്റ്റേഷൻ കെട്ടിടം.<br>6. ട്രാൻസ്ഫോർമറുകളും, പമ്പ് സെറ്റുകളും സ്ഥാപിക്കൽ.<br>7. മാവിളക്കടവിൽ നെയ്യാറിനു കുറുകെ തടയണയുടെ നിർമ്മാണം.<br><br>പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലങ്ങൾ ലഭ്യമായതിന് ശേഷം തടയണ ഒഴികെയുള്ള എല്ലാ ഘടകങ്ങളുടേയും ദർഘാസുകൾ 23.12.2021 അവസാന തീയതി ആയി ക്ഷണിക്കുകയും, കരാറുകാരുടെ അഭ്യർത്ഥന പരിഗണിച്ച് ദർഘാസുകൾ സമർപ്പിക്കുന്ന അവസാന തീയതി 03.01.2022 ആയി ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. 54.85 കോടി രൂപയായിരുന്നു അടങ്കൽ തുക. പ്രസ്തുത |

| | | | |
|---|---|---|---|
| | | | **ദർഘാസിൽ 3 കരാറുകാർ പങ്കെടുത്തു. എന്നാൽ സാങ്കേതികവും സാമ്പത്തികവുമായ ദർഘാസ് വ്യവസ്ഥകൾ അനുസരിച്ച് യോഗ്യത ഒരു കരാറുകാരന് മാത്രമാണുണ്ടായിരുന്നത് എന്നതിനാൽ ആദ്യ ദർഘാസ് റദ്ദാക്കുകയാണുണ്ടായത്. തുടർന്ന് 22.03.2022 അവസാന തീയതിയായി അതേ അടങ്കൽ തുകയ്ക്ക് പുനർദർഘാസ് ക്ഷണിക്കുകയും 24.03.2022 ന് ദർഘാസ് തുറക്കുകയും ചെയ്തു. ആദ്യ ദർഘാസിൽ യോഗ്യത നേടിയ കരാറുകാരൻ മാത്രം പുനർ ദർഘാസിൽ പങ്കെടുക്കുകയും, അടങ്കൽ തുകയെക്കാളും 27.63% കൂടുതൽ തുക ക്വാട്ട് ചെയ്യുകയും ചെയ്തു. എന്നാൽ നിലവിലെ നിയമം അനുസരിച്ച് ക്വാട്ട് ചെയ്ത തുക അല്ലെങ്കിൽ മാർക്കറ്റ് നിരക്ക്, അല്ലെങ്കിൽ എസ്റ്റിമെറ്റ് നിരക്കിനെക്കാളും 10% കൂടിയ തുക ഇതിൽ ഏതാണോ കുറവ് അതിനു മാത്രമേ കരാർ അനുമതി നൽകാൻ കഴിയൂ എന്നുള്ളതിനാൽ മാർക്കറ്റ് നിരക്കിന് കരാർ നൽകുന്നതിന് തീരുമാനിക്കുകയും മാർക്കറ്റ് നിരക്കിന് പ്രസ്തുത പ്രവൃത്തി 27.04.2022-ൽ കരാറുകാരന് നൽകുകയും ചെയ്തു. വർക്ക് ഓർഡർ നൽകിയ തുക എസ്റ്റിമേറ്റ് തുകയേക്കാളും 9.76% കൂടുതലായിരുന്നു. എന്നാൽ കരാറുകാരൻ പ്രസ്തുത വർക്ക് ഓർഡർ നിരസിക്കുകയും ക്വാട്ട് ചെയ്ത തുകയ്ക്ക് തന്നെ പ്രവൃത്തി നൽകുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രൈസ്-3 സോഫ്റ്റ് വെയറിൽ പുതുക്കി നിർണ്ണയിച്ച് പുതിയ ദർഘാസ് ക്ഷണിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (ബി) | **മൂന്ന് മാസത്തിനുള്ളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.** |

സെക്ഷൻ ഓഫീസർ